1) ഓരോ കോടതികളിലെയും കേസ്സുകളുടെ പുരോഗതി നിരീക്ഷിച്ച് പെൻഡൻസി കുറയ്ക്കുന്നതിന് നിർദ്ദേശം കൊടുക്കുന്നു.

2) പഴക്കമുള്ള കേസ്സുകൾ തീർപ്പാക്കാൻ ലക്ഷ്യം നിർണ്ണയിക്കുകയും പുരോഗതി അവലോകനം ചെയ്യുകയും ചെയ്യുന്നു.

3) സിവിൽ കോടതികളിൽ സ്പെഷ്യൽ ലിസ്റ്റ് വ്യവസ്ഥപാലിച്ചു കൊണ്ട് എല്ലാമാസവും പുരോഗതി അവലോകനം ചെയ്ത് വേണ്ട നിർദ്ദേശം നൽകിവരുന്നു.

4) ഏഴു വർഷത്തിലധികം പഴക്കമുള്ള കേസ്സുകൾ തീർപ്പാക്കാൻ പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) വിധി പകർപ്പ് പെട്ടെന്ന് ലഭിക്കുന്നതിന് വിവിധ കോടതികളിൽ ഫോട്ടോകോപ്പിയറുകൾ നൽകിയിട്ടുണ്ട്.

പയ്യാവൂർ കോർട്ടലക്ഷ്യകേസ്

45 (79)ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യാവൂർ പഞ്ചായത്തിലെ കോർട്ടലക്ഷ്യകേസ് ഹൈക്കോടതിയിൽ വാദിക്കുന്നതിന് അഡ്വക്കേറ്റ് ജനറലിന് പുറമേ ഏതെങ്കിലും അഡ്വക്കേറ്റുമാരെ നിയോഗിച്ചിരുന്നുവോ;

(ബി) എങ്കിൽ അതിന്റെ പ്രത്യേക ആവശ്യം എന്തായിരുന്നു;

(സി) സുപ്രീംകോടതിയിൽ ഏതെല്ലാം അഡ്വക്കേറ്റുമാരാണ് ഗവണ്മെന്റിന് വേണ്ടിയും ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാർക്കുവേണ്ടിയും ഹാജരായത്;

(ഡി) ഹൈക്കോടതിയിലും സുപ്രീംകോടതിയിലും നിയോഗിച്ച അഡ്വക്കേറ്റുമാർക്കുവേണ്ടി ഗവണ്മെന്റ് എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചു വരുന്നു.

ഭരണഭാഷ മലയാളത്തിൽ ആക്കുന്നതിനുള്ള നടപടി

46 (80)ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഭാഷ മലയാളത്തിലാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണഭാഷ മലയാളമാക്കുന്നജോലി ആരംഭിച്ചിട്ട് എത്ര വർഷമായി; എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചു;

(സി) ഭരണഭാഷ മലയാളത്തിലാക്കുന്ന ജോലി ഇപ്പോൾ നിർവഹിച്ചു വരുന്നത് ഏത് ഡിപ്പാർട്ടുമെന്റാണ്; ഇതിനായി നാളിതുവരെ എന്തുതുക ചിലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly